II ഇ. ബി. XIV - കേരള നിയമസഭ/IX- I

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ജനവരി 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*31) വൈദ്യുതി ഉല്പാദനം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, 2021-ഓടുകൂടി എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി തടസ്സങ്ങളും അപകടങ്ങളും ഇല്ലാതാക്കി വിതരണം ചെയ്യുക എന്ന ലക്ഷ്യവുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോവുകയാണെന്നും എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കുകയും ലൈനുകളുടെ പുന:ക്രമീകരണം നടത്തുകയും വൈദ്യുതി പുനഃസ്ഥാപനം ത്വരിതമാക്കുകയും ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ

നവീകരണം ഉറപ്പാക്കുകയും ചെയ്യുന്ന പ്രവൃത്തികൾ മദ്ധ്യകാല പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും മന്ത്രി സഭയെ അറിയിച്ചു. വൈദ്യുതി ഉല്പാദന വർദ്ധനവിനായി നിർമ്മാണത്തിലിരിക്കുന്ന 9 ജലവൈദ്യുത പദ്ധതികളും 15 പുതിയ ജലവൈദ്യുത പദ്ധതികളും സ്വകാര്യമേഖലയിൽ 21 ചെറുകിട ജലവൈദ്യുത പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുമെന്നും പദ്ധതികളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നതിനായി പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്ട് മോണിറ്ററിംഗ് സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തടസ്സരഹിതമായ വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനായി എൽ.റ്റി. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വിതരണ നഷ്ടം കുറയ്ക്കുകയും സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയും പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുകയും ചെയ്യുമെന്നും വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പേരിൽ ദീർഘകാല പ്രസരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനായി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സോളാർ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധതരം റൂഫ് ടോപ്പ്

സോളാർ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നുണ്ടെന്നും സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും സബ്സിഡി ലഭ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. അതിരപ്പിള്ളി ജല വൈദ്യുത പദ്ധതിക്കെതിരായ ആശങ്കകൾ പരിഹരിച്ച് സമവായത്തിലൂടെ നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നതാണെന്നും ചിന്നാർ മിനി ഹൈഡൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഹ്രസ്വ-ദീർഘകാല കരാറിലൂടെ വൈദ്യുതി വാങ്ങിക്കൊണ്ട് ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുന്നതാണെന്നും അപ്രഖ്യാപിത ലോഡ്ഷെഡ്ഡിംഗ് ഉണ്ടാകില്ലെന്നും വൈദ്യുതി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ റിപ്പോർട്ട് ആവശ്യമായ ഭേദഗതിയോടുകൂടി നടപ്പിലാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സൗരോർജ്ജോല്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രിയും സഭയെ അറിയിച്ചു.

2(*32 & *38) <u>ചരക്ക് സേവന നികുതി</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ജി.എസ്.ടി. അഖിലേന്ത്യാടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുന്ന നികുതിയായതിനാൽ നിരക്കുകളിലും ക്ലാസിഫിക്കേഷനുകളിലും മാറ്റം വരുത്താനോ നികുതിയിളവുകൾ നൽകാനോ

സംസ്ഥാന സർക്കാരുകൾക്ക് സാധിക്കില്ലെന്നും വാറ്റ് നികുതി ചുമത്താനുള്ള അവകാശമില്ലാതാക്കിയതിന്റെ ഫലമായി ധനപരമായ സ്വാതന്ത്ര്യമില്ലാതായെന്നും സഭയെ അറിയിച്ചു. 2015-16 ധനകാര്യ വർഷം അടിസ്ഥാനമാക്കി 14 ശതമാനം വാർഷിക വർദ്ധനവ് നിരക്കിൽ നികുതി വരുമാനക്കുറവിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ നൽകുന്നുണ്ടെന്നും ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു ലഭ്യമാക്കണമെന്ന വ്യവസ്ഥ പാലിക്കാത്ത ഉത്പാദകരുടെയും വിൽപ്പനക്കാരുടെയും വിശദവിവരങ്ങൾ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് നൽകിയതിന്മേൽ തുടർനടപടികൾ ഉണ്ടാകുന്നതിലൂടെ ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുന്നതാണെന്നും ജി.എസ്.ടി. കൗൺസിലിലിടപെട്ടുകൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന തീരുമാനങ്ങളെടുപ്പിക്കുന്നതിന് ശ്രമിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ചെറുകിട വ്യവസായികൾക്കും വ്യാപാരികൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ട് കോടി രൂപയായി ഉയർത്തണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിക്കുകയും ഒരു കോടി രൂപയായി വർദ്ധിപ്പിച്ച നികുതി ത്രെഷ്ഹോൾഡ് രണ്ട് കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിയമ ഭേദഗതി കേന്ദ്ര ഫിനാൻസ് ആക്ടിന്റെ ഭാഗമായി അവതരിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ കരാറുകൾക്ക് 12 ശതമാനവും അല്ലാത്തതിന് 18 ശതമാനവും നികുതി

നിരക്കായതിനാലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായതിനാലും ചെറുകിട നിർമ്മാതാക്കളെ ജി.എസ്.ടി. ദോഷകരമായി ബാധിച്ചിട്ടില്ലെന്നും ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പ് വാറ്റ് നിരക്കിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി കരാർ തുക 5 ശതമാനം വരെ ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതും ഇ-വേ ബിൽ സമയബന്ധിതമായി നടപ്പിലാക്കാത്തതും ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതുമാണ് നികുതി പിരിവ് കുറയാൻ കാരണമായതെന്നും കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് സർക്കുലറുകൾ പുറപ്പെടുവിക്കുകയും ലെറ്റർ ഓഫ് അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവരികയും ചെയ്തെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിനോദ നികുതി ലഭ്യമാക്കുന്നതിനായി ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നതാണെന്നും കേരള ദിനേശ് ബീഡിയിന്മേൽ സംസ്ഥാന സർക്കാർ പിരിക്കുന്ന നികുതി തിരിച്ചുനൽകുന്നതാണെന്നും നികുതി പിരിവ് കാര്യക്ഷമമാക്കിയും ജി.എസ്.ടി.യുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിയും നികുതി ചോർച്ച തടഞ്ഞുകൊണ്ടും വരുമാനം

വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 399 മുതൽ 773 വരെയുള്ള ചോദ്യങ്ങളിൽ 89 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)